## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1847 25.03.2013-ൽ മറുപടിയ്ക്ക്

### ടോട്ടൽ ഫിസിക്കൽ ഫിറ്റ്നെസ് പ്രോഗ്രാം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ബെന്നി ബെഹനാൻ**<br>**ശ്രീ.ജോസഫ് വാഴക്കൻ**<br>**ശ്രീ.റ്റി.എൻ.പ്രതാപൻ**<br>**ശ്രീ.വി.ഡി.സതീശൻ** | | **ശ്രീ.കെ.ബി.ഗണേഷ്കുമാർ**<br>**(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) ടോട്ടൽ ഫിസിക്കൽ ഫിറ്റ്നെസ് പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ; | (എ) | കേരളത്തിലെ മുഴുവൻ ജനതയ്ക്കും സമ്പൂർണ്ണ കായികക്ഷമത കൈവരിക്കുക എന്നത് ലക്ഷ്യമാക്കി നടത്തിവരുന്ന ഒരു ശാസ്ത്രീയ കായിക ക്ഷമതാ പദ്ധതിയാണ് സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതി. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br><br>1. അനുയോജ്യമായ കായിക പ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് ഹൃദയ-ശ്വസന ക്ഷമതാ പരിപാടികളിൽ, പങ്കെടുക്കുന്ന 9 നും 17 നും ഇടയ്ക്കു പ്രായമുള്ള കുട്ടികളുടേയും കൗമാരക്കാരുടേയും അനുപാതം 90%-ൽ അധികമാക്കുക.<br>2. ദിവസേനയുള്ള കായിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന 9 നും 17 നും ഇടയ്ക്കു പ്രായമുള്ള കുട്ടികളുടേയും കൗമാരക്കാരുടേയും അനുപാതം 60% -ൽ അധികമായി ഉയർത്തുക.<br>3. കുട്ടികളുടേയും കൗമാരക്കാരുടേയും ആരോഗ്യ സംബന്ധമായ കായികക്ഷമത ശാസ്ത്രീയമായും വ്യവസ്ഥാപിതമായും വിലയിരുത്തുന്നതിനുള്ള പഠനക്രമം സ്ഥാപിക്കുക. 9 നും 17 നും ഇടയ്ക്കു പ്രായമുള്ള 100% കുട്ടികളും ഇത്തരം പരിശോധനാ പരിപാടിയിൽ പങ്കെടുക്കുന്നു എന്നുറപ്പുവരുത്തുക.<br>4. സ്കൂൾ കുട്ടികളുടെ ആരോഗ്യ സംബന്ധമായ കായിക ക്ഷമത ശാസ്ത്രീയമായും, വ്യവസ്ഥാപിതമായും വിലയിരുത്തുന്നതിനുള്ള പഠനക്രമം വികസിപ്പിക്കുക.<br>5. ഔദ്യോഗികാംഗീകാരം നേടുന്നതിന് പ്രചോദനം നൽകുന്ന വിധം ഗ്രേഡിംഗ് രീതി വികസിപ്പിക്കുക.<br>6. ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള നിലവാരത്തിന് താഴെയുള്ളവരുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കുക.<br>7. വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശം നൽകാൻ ടീച്ചേഴ്സ് ഗൈഡും, ദൃശ്യ സഹായികളും വികസിപ്പിച്ചെടുക്കുക. |
| (ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി പ്രവർത്തിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലാണ് പദ്ധതി നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പ്രോഗ്രാമിന്റെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നു ; വിശദമാക്കുമോ ; | (സി) & | പദ്ധതിയുടെ ഭാഗമായി നടത്തിയ കായിക ക്ഷമത പരിശോധനയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കുട്ടികളിൽ കായികക്ഷമതാ നിലവാരം മുൻവർഷങ്ങളെ അപേക്ഷിച്ച് കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | കായികക്ഷമത കുറയുന്നതിന് കായിക വിനോദങ്ങളിൽ ഏർപ്പെടുത്താത്തതും കായിക വിദ്യാഭ്യാസം ലഭിക്കാത്തതും കാരണമാകയാൽ യു.പി തലം മുതൽ ഹയർ സെക്കന്ററിതലം വരെ സ്കൂളുകളിൽ ആവശ്യമായ കായികാദ്ധ്യാപകരെ നിയമിക്കുന്ന കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ